സ്ക്കൂട്ടർഫാക്ടറി

* 20 [39] ശ്രീ. എൻ. പ്രഭാകരത്തണ്ടാർ:
,, പി. ജി. പുരുഷോത്തമൻ പിള്ള:
,, മുസ്തഫാകമാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു സ്ക്കൂട്ടർഫാക്ടറി ആരംഭിക്കാൻപോകുന്നതായി അറിയുന്നത് ശരിയാണോ;

(ബി) എങ്കിൽ അത് എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഫാക്ടറിക്കുവേണ്ടി സ്ഥലം ഏടുത്തുകഴിഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലവാസികളിൽനിന്നും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ശരിയാണ്.

(ബി) അമ്പലപ്പുഴ താലൂക്കിൽ.

(സി) പുന്നപ്രവില്ലേജിൽ 200 ഏക്കർ സ്ഥലം പ്രോജക്ട് ഏരിയായായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പരിഗണനയിൽ ഇരിക്കുന്നു.

(ഇ) പരസ്യം ചെയ്തിട്ടുള്ള സ്ഥലം ജനനിബിഡമായതും, തെങ്ങിൻതോപ്പുകൾകൊണ്ട് നിറഞ്ഞതും പ്രോജക്ടിന് അനുയോജ്യമല്ലാത്തതും ആണ് എന്നാണ് പരാതി. കൂടാതെ ഈ പ്രോജക്ട് കാരണം ഈയിടയ്ക്ക് പണി ആരംഭിച്ചിട്ടുള്ള ആർത്തുങ്കൽ അമ്പലപ്പുഴ തീരദേശറോഡ് ഉപേക്ഷിക്കേണ്ടിവരുമെന്നുള്ള ആശങ്കയും പരാതിക്കാർ പ്രകടിപ്പിച്ചിട്ടുണ്ട്.

കണ്ണപുരം സംഭവം

* 21 [42] ശ്രീ. സി. എം. കുട്ടി:
,, ഇ. അഹമ്മദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ഡിസംബർ 17–ാം തീയതി കണ്ണൂർ ജില്ലയിലെ കണ്ണപുരത്തുണ്ടായ അട്ടിമറി സംഭവത്തെപ്പറ്റി ഗവൺമെൻറിന് ലഭിച്ച വിവരങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിലെ പ്രതികൾ ആരൊക്കെയാണ്; കേസുകളുടെ സ്വഭാവമെന്ത്;

(സി) ഇതിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന എത്രപേരെ ഇനിയും കിട്ടാനുണ്ട്;

(ഡി) ഈ വിവരം കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കേന്ദ്രഗവൺമെൻറിന്റെ പ്രതികരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ:

(എ) സംഭവത്തെപ്പറ്റിയുള്ള വിവരങ്ങൾ അടങ്ങുന്ന പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ട് ഇതിനോടൊപ്പം അടക്കംചെയ്തിരിക്കുന്നു.

(ബി ആൻഡ് സി) കേസ് അന്വേഷണത്തിലിരിക്കുകയാണ്. വെളിപ്പെടുത്താവുന്ന വിവരങ്ങൾ ഈ റിപ്പോർട്ടിലുണ്ട്.

(ഡി) സാധാരണഗതിയിൽ കേന്ദ്രഗവൺമെന്റിന് അയയ്ക്കുന്ന കത്തിടപാടിൽ ഇതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്.

(ഇ) പ്രതികരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

തൊഴിലാളിസമരം

* 22 [45] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, എസ്. ദാമോദരൻ:
,, സി. ഗോവിന്ദപണിക്കർ:
,, ഇ. ബാലാനന്ദൻ:
,, എസ് വാസുദേവൻപിള്ള:
,, ഈ. വി. കുമാരൻ:
,, സി. ബി. ചന്ദ്രശേഖരവാര്യർ:
,, വി. എസ്. അച്ചുതാനന്ദൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, എം. കെ. കൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, വുഡ്ലാൻഡ്സ് ഹോട്ടൽതൊഴിലാളികൾ നടത്തിവരുന്ന സമരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തൊഴിൽ പ്രശ്നം തീർക്കാൻ എന്തു നടപടികൾ ഗവൺമെന്റിൽ നിന്നും കൈക്കൊള്ളുകയുണ്ടായിട്ടുണ്ട്;

(സി) ഈ തൊഴിൽ പ്രശ്നത്തിൽ പോലീസ് ഇടപെടൽ ഉണ്ടായിട്ടുണ്ടോ;

(ഡി) തൊഴിലാളികളെ പോലീസുകാർ ഭീഷണിപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടി അതിൻമേൽ എടുക്കുകയുണ്ടായി;

(എഫ്) പ്രസ്തുത ഹോട്ടലിന്റെ മുമ്പിൽ മുദ്രാവാക്യം വിളിച്ച തൊഴിലാളികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആരുടെ ഉത്തരവു പ്രകാരമാണ്;

(എച്ച്) ഈ കാര്യത്തിൽ ഈ ഗവൺമെന്റിന്റെ നിലപാടെന്ത്?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ:)

(എ) ഉണ്ട്.

(ബി) ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് കൺസിലിയേഷൻ നടത്തിയെങ്കിലും ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല. ഇതു

LIBRARY ARCHIVES Kerala Legislative Assembly